

# തർജ്ജനി



**എൻ എസ് എസ് എച്ച് എസ് എസ്**

**കിടങ്ങൂർ**

# എൻ.എസ്.എസ് എച്ച്.എസ്.എസ്

## കിടങ്ങൂർ

# തർജ്ജനി

## തയ്യാറാക്കിയത്

## സ്കൂൾ ലിറ്റിൽ കൈറ്റ്സ്

# എഡിറ്റോറിയൽ ബോർഡ്

സഞ്ജയ് ബാബു

ഉണ്ണികൃഷ്ണൻ .പി.എം

ദേവാനന്ദ്.കെ.എസ്

ഹരിഗോവിന്ദ് .കെ ആർ

ശ്രീജിത്ത് .എം.പി

ഗംഗ .എസ്.നായർ

അനുശ്രീ .സി.പി

ജാനകി .ഉണ്ണിത്താൻ.സി

അഞ്ജന .കെ.നായർ

മെർലിൻ ഷാജി

ശരണ്യ .വി.എസ്

നന്ദന .എ

# ആമുഖം

വിജ്ഞാനം വിരൽത്തുമ്പുകളിലൂടെ ഓടിക്കളിക്കുന്ന ആധുനികകാലത്ത് കാലചലനങ്ങളെ വിരൽത്തുമ്പുകളിലൂടെ ലോകത്തിന് മുമ്പിൽ ആവിഷ്കരിക്കുന്ന ഏതാനും രചനകളുടെ സമാഹാരം. ഒപ്പം കിടങ്ങൂർ എൻ. എസ്. എസ്. ഹയർസെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ ഒപ്പിയെടുത്ത സുന്ദരനിമിഷങ്ങളും.

ആദിമമനുഷ്യൻ മുതൽ ഈ പുതുതലമുറ വരെ അന്വേഷിച്ച് നടന്ന്, കണ്ടുപിടിച്ച അറിവിന്റെ വഴിയിലൂടെയുള്ള ഒരു യാത്ര.ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സഞ്ചരിച്ച ആ വഴികളിലൂടെയുള്ള കാഴ്ച്ചകളുടെ നേർക്ക് വിരൽച്ചൂണ്ടുന്ന സൃഷ്ടി ഞങ്ങളുടെ സ്കൂളിലെ കൊച്ചുകൂട്ടുകാരുടെ രചനകൾ ഡിജിറ്റൽ രൂപത്തിൽ ലോകത്തിന് മുമ്പിൽ പ്രത്യക്ഷപ്പെടുകയാണിവിടെ. ഒരു കലാസൃഷ്ടി സമ്പൂർണ്ണമാകുന്നത്. വിവിധ ശ്രോതസ്സുകളുടെ കാതലുകൾ സംഗമിക്കുമ്പോഴാണ്.അങ്ങനെയുണ്ടായതാണ് ഞങ്ങളുടെ ഡിജിറ്റൽ മാഗസ്സിനും എൻ. എസ്.എസിന്റെ ശബ്ദവുമായ **തർജ്ജനീ.**

# ഉള്ളടക്കം

പ്രതീക്ഷയുടെപുലരി........................................................ 7
മൊഴിമുത്തുകൾ..............................................................9
സിനിമനിരൂപണം.........................................................10
പ്രളയം വന്ന വഴിയേ.........................................................11
പഴഞ്ചൊല്ലുകൾ ..............................................................12
ഏഴ് മനുഷ്യനിർമ്മിത അത്ഭുതം..............................................13
ഏഴ് ലോകാത്ഭുതങ്ങൾ .......................................................14
മൃറിവുകൾ......................................................................15
ആൽഫ്രഡ്നോബൽ..............................................................18.
ഹെൻറികാവൻഡിഷ്............................................................19
സ്കൂളിലെ ചിത്രരചനകൾ.........................................................20
സംസ്ഥാനകലോത്സവ ജേതാക്കൾ.............................................21
സ്കൂളിലെ മനോഹരനിമിഷങ്ങൾ...............................................24
ഗണിതം മധുരം..................................................................25
എൻ.സി.സി........................................................................26
ലിറ്റിൽ കൈറ്റ്സ്....................................................................27
എസ്.പി.സി.........................................................................28
കൃതജ്ഞത..........................................................................29



കിടങ്ങൂർ എൻ എസ് എസ് ഹയർ സെക്കന്ററിസ്കൂളിലെ 'ലിറ്റിൽ കൈറ്റസ് ' അംഗങ്ങളുടെ പ്രഥമസംരഭമാണ്'**തർജ്ജനി**' എന്ന ഡിജിറ്റൽമാഗസിൻ.വിദ്യാർത്ഥികളുടെ സർഗശേഷിയെയും IT ആഭിമുഖ്യത്തെയും വളർത്തുന്നതിൽ തർജ്ജനിയുടെ പങ്ക് നിസ്തുലമാണ് നവീന സാങ്കേതികവിദ്യയുടെ ലോകത്ത് മുന്നേറാൻ ഇത്തരം പ്രവർത്തനങ്ങൾ അവർക്ക് പ്രചോദനമാകട്ടെ എന്ന് അശംസിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയുംപ്രത്യേകം അഭിനന്ദിക്കുന്നു.

**-സുരേഷ് .കെ(എച്ച് എം)**

# പ്രതീക്ഷയുടെ പുലരി

മുറിവേൽക്കുന്നു നെഞ്ചിടയിൽ ചെറു-
മരവിപ്പിൻ പുതു ശ്വാസങ്ങൾ
പ്രളയത്തിൻ ഘന രൗദ്രതയിൽ
പോയ് ചീന്തുകയാണീ ഭുവനങ്ങൾ.
കാറ്റിൻ വേഗതയിൽ കുടികൊള്ളും
പ്രളയത്തിൻ അതി തീക്ഷ്ണതയിൽ
അതിജീവനത്തിന്നാഴിതുറന്നു
പലപലരക്ഷാമാർഗ്ഗങ്ങൾ.
ഒഴുകുന്ന കലിതുള്ളി പെരുമഴ-
യൊഴുകുന്ന നാശംകൊയ്യാനായി
അടിതെറ്റി തലമുറകൾ പലതും
അലിഞ്ഞുപോയി കാലത്തിൽ.
ഒരു നാളേയ്ക്കായ് കേഴുന്ന പലരും
പറയുന്നു അലിവോടെ
ഒന്നായ് നാം



മുന്നോട്ടൊന്നിച്ചാൽ
ഒത്തുപിടിക്കാം ശക്തതയിൽ.
കാലത്തിൻ അതി ശക്തതയിൽ
പോയ് തകർന്നടിഞ്ഞീ മണ്ണാകെ.
മണ്ണിൽ പുതുമുള തീർക്കാനായി
പരിശ്രമിക്കാം ഒന്നിച്ച്
പോരാടാം പുതുതലമുറ-
കെട്ടിപടുത്തുയർത്താം യുഗത്തിന്മേൽ
പ്രതീക്ഷയുടെ പുതുപുലരിക്കായ്
പരിശ്രമിക്കാം ഒന്നിച്ച്.



-ലക്ഷമി .ബി

# മൊഴിമുത്തുകൾ

"ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം."

(അക്കിത്തം)



"വെളിച്ചം
വീമലിഞ്ഞിതാ-
തടം തന്നിൽ
ആരെയോ കാത്തു
നിൽക്കയാ-
ണാരോ!" (ആർ.രാമചന്ദ്രൻ)

"ഒരൊറ്റ മതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും
പാർവണശശിബിംബം "

(ഉള്ളൂർ)




"തീ കത്തുന്നൊരു ഭൂമിയിൽ
കരിഞ്ഞ ജന്തുജാലങ്ങൾ
വെണ്ണീർ പാറും മരങ്ങൾ തൻ
അസ്ഥി ചിന്നുന്ന കുന്നുകൾ"

(എൻ എൻ കക്കാട്)

"തുഞ്ചൻപറമ്പിലെ
ക്കാഞ്ഞിരത്തൈമരം
പഞ്ചവർണ്ണക്കിളി യുണ്ടുവളർന്നോ" (ഒ.എൻ.വി)

സംബാതക – നന്ദന .എ



# സിനിമനിരൂപണം

## കുമ്മാട്ടി

കുട്ടികളുടെ സിനിമകളിൽ അരവിന്ദൻ സംവിധാനം ചെയ്ത കുമ്മാട്ടി പ്രമേയത്തിൻെറ സവിശേഷത കൊണ്ടും ആഖ്യാനത്തിൻറെ ചാരുതകൊണ്ടും വേറിട്ടുനിൽക്കുന്നു.ഭാവന നിറഞ്ഞ കുട്ടികളുടെ മനസുതന്നെയാണ് കുമ്മാട്ടി.കുമ്മാട്ടി എന്ന ചലച്ചിത്രം കാണുകയും അറിയുകയും ചെയ്യുന്നതിലൂടെ ഓരോ ബാലമനസ്സും നമ്മുടെ അമ്മൂമ്മക്കഥയുടെ അക്ഷയഖനികൾ കണ്ടെത്തുക കുന്നുകളും പുൽമേടുകളും പൊന്തക്കാടുകളും നിറഞ്ഞ വിശുദ്ധിയിൽ ആർത്തുല്ലസിക്കുന്ന കുട്ടികൾക്കിടയിലേയ്ക്ക് അനന്തതയിൽ നിന്നെത്തുന്ന കുമ്മാട്ടി സ്നേഹത്തിൻറെയും സൗഹൃദത്തിൻറെയും പ്രതീകമായിത്തീരുന്നു.കുമ്മാട്ടി അവരുടെ കൂട്ടുകാരനാണ്.

'ആരമ്പത്താരമ്പത്ത്" എന്ന വായ്ത്താരിയുമായിനൃത്തച്ചുവടും വച്ചു വരുന്ന കുമ്മാട്ടി കുട്ടികളുടെ മനസ്സിലെ മുത്തശ്ശിക്കഥയായി മാറുന്നത് പെട്ടെന്നാണ്.നാഗരികതയുടെ ശബ്ദഘോഷങ്ങൾക്കും വിരസതയ്ക്കുമകലെ പ്രകൃതിയുമായി ഈ ചിത്രത്തിൽ ആത്മബന്ധം സ്ഥാപിക്കുകയാണ്.

കുമ്മാട്ടിലെ ഓരോ വരിയിലും അവർ കാതോർക്കുന്ന അവരുടെ അഭ്യർത്ഥന പ്രകാരം ഓരോ മാന്ത്രിക വിദ്യകാണിക്കുന്ന കുമ്മാട്ടി അവരിലൊരാളായി ചിണ്ടനെ നായകനാക്കി മാറ്റുന്നു.കുമ്മാട്ടി അപ്രതീക്ഷനായതിനുശേഷം തങ്ങളുടെ കൂട്ടുകാരന് പിണഞ്ഞ ദുര്യോഗത്തിൻെറ ആഴം കുട്ടികൾക്ക് മനസ്സിലാകുന്നത്. അവർ ഭയന്നുപോയി.നിസ്സഹായനായ ചിണ്ടന് നായയായി സ്വന്തം വീട്ടിൽ ചുരുണ്ടുകൂടാനായിരുന്നു വിധി.നായയെ ചിണ്ടനാക്കാൻ കുമ്മാട്ടി തീർച്ചയായും തിരിച്ചുവരുമെന്ന പ്രതീക്ഷ നന്മയുടെ തിരിച്ചുവരവിനെയാണ് സൂചിപ്പിക്കുന്നത്.അത് വെറുതെയാകുന്നില്ല. തനിക്കു പറ്റിയ പിഴ കുമ്മാട്ടി സന്തോഷത്തോടെ തിരുത്തുന്നു.വീണ്ടും സ്നേഹവിത്തിൻറയും ആഹ്ളാദത്തിൻറയും ദിനങ്ങൾ

കുട്ടികൾക്കേകി മറ്റൊരു ഇടവേളയ്ക്കായി കുമ്മാട്ടി മാറുന്നു. ഒരു ജന്മത്തിൽ തന്നെ ഒരായിരം പുണ്യവും ദുഃഖവും പേറുവാൻ വിധിക്കപ്പെട്ടവനാണ് മനുഷ്യനെ ആ വേദാന്തസങ്കൽപ്പത്തിൻറെ അനുരണമാവാം കുമ്മാട്ടി.നായയുടെ ജന്മം സ്വീകരിക്കുന്നതിലൂടെ ചിണ്ടൻ ജന്മപരമ്പരയുടെ ദുഃഖം പങ്കിടുകയാണ്.പരമ്പരാഗത സിനിമാശൈലി ഉപേക്ഷിച്ച് നമ്മുടെ ജന്മം യഥാർത്ഥമായി ചിത്രീകരിക്കാനുള്ള സംവിധായകൻറെ ശ്രമം ശ്ലോകനീയമാണ്.ആയാഥാർത്ഥ്യത്തിൽ നിന്ന് യാഥാർത്ഥ്യം സൃഷ്ടിക്കുകയാണ് താൻ ചെയ്തതെന്ന് അരവിന്ദൻ സൂചിപ്പിക്കുന്നു.

കാവാലം രൂപപ്പെടുത്തിയ കഥ ബാലമനസ്സുകളുടെ തലത്തിലുള്ളതാണ്.നാടൻപാട്ടുകൾ തനിമയോടെ സിനിഗാത്രത്തിൽ നിറഞ്ഞുനിൽക്കുന്നു.കുട്ടികളുടെ സിനിമയ്ക്കൊരു മാതൃകയായി മലയാള സിനിമാചരിത്രത്തിൽ ഒരു നാഴികക്കല്ലായി കുമ്മാട്ടി നിലനിൽക്കുന്നു.



# പ്രളയം വന്ന വഴിയേ....

പെയ്തിറങ്ങിയ മഴക്കെടുതിയിൽ
ഒപ്പമെത്തി ദുരന്തമീ പ്രളയം!
ഉറഞ്ഞുതീരാതെ കലിയടക്കി-
പ്പിടിച്ച കാർമുകിൽ കണ്ണീരു-
ത്തീർക്കാൻ ദിവസങ്ങൾ
പലതൊഴിഞ്ഞു



പുഴയെച്ചുരുക്കി തടഞ്ഞ തീരം
പുഴതന്നെ താനെ കൊണ്ടുപോയി....
മനുഷ്യമനസ്സിന്റെ ആഴത്തിൽ
തീർത്ത മതിലുകൾ പലതും-
തകരന്നടിഞ്ഞു

തണലില്ലാതെ പൊള്ളിച്ചിതറിയ-
മണൽത്തരികൾ മാത്രം
ആർത്തുവിളിച്ചു"മനുഷ്യന്റെ
അഹമതിയെ ചെറുത്തു
നിൽക്കാൻ ഇതാ മഹാപ്രളയം
കൊണ്ടുപോയീപലതും
എങ്കിലും പ്രളയം വന്ന വഴയേ
മറന്നു കളഞ്ഞു മർത്ത്യൻ!!!



-റിമാ റെജി

# പഴഞ്ചൊല്ലുകൾ

- അണ്ണാറക്കണ്ണനും തന്നാലായത്.
- ആയത്തിന് മുമ്പ് വ്യായാമം.
- ഇരുന്നുനോക്കിയാൽ നിരന്നുകാണാം.
- ഈഴത്തെ കണ്ടവർ ഇല്ലം കാണില്ല.
- ഉറുമ്പരിച്ചാലും അമ്മി തേയും.
- ഊനം വന്നാൽ ഉപായം വേണം.
- എണ്ണിയ പയർ അളക്കേണ്ട.
- ഏറെ പ്രിയം അപ്രിയം.
- ഒന്നിൽ പിഴച്ചാൽ മൂന്ന്.
- ഓട്ടക്കാരന് ചാട്ടം ചേരില്ല.
- കക്കാൻ പഠിച്ചാൽ നില്ക്കാൻ പഠിക്കണം.





-അനുശ്രീ .സി.പി

# ഏഴ് മനുഷ്യനിർമ്മിത അത്ഭുതങ്ങൾ

1. ചൈന വൻ മതിൽ - ചൈന
2. ക്രിസ്റ്റ് ദി റിമീഡർ ശിലപം - റീയോ ദെ ജനിറോ
3. മാച്ചു , പിച്ചു - പെറു
4. ചിക്കേൻ ജസ്റ്റ - മെക്സിക്കൊ
5. ദി റോമൻ കോളേസ്യം - റോം
6. താജ് മഹൽ - ഇന്ത്യ
7. പെട്ര – ജോർഡൻ





-നിരഞ്ജന

# ഏഴ് ലോകാത്ഭുതങ്ങൾ

1.അറോറ ബോറാലിയസ് – അലാസ്ക




2.ഹർബോർ –റിയോ ദെ ജെനിറോ

3.ഗ്രാൻറ് ക്യാനിയോൻ – യു. എസ്

4.ഗ്രേറ്റ് ബാരിയർ റീഫ് – അസ്ട്രേലിയ

5.മൗണ്ട് എവറസ്റ്റ് – നേപ്പാൾ

6.നയാഗ്ര വെള്ളച്ചാട്ടം – കാനഡ

7.വിക്ടോറിയ വെള്ളച്ചാട്ടം – സാമ്പിയ



-നിരഞ്ജന

# മുറിവ്

ഇന്ന് ഒരു സുപ്രധാന ദിവസമാണ്.അച്ഛൻ വരും.തനിക്കായി കീ കൊടുത്താൽ ഓടുന്ന വണ്ടിയുംകണ്ണുചിമ്മിഉറക്കുന്ന പാവയും അതിലെല്ലാം ഉപരി ഒരു പൊൻചിലങ്കയും കൊണ്ടുവരും.മാസങ്ങളായി സേതുലക്ഷ്മി കാത്തിരുക്കുന്ന ദിവസാണിത്.അച്ഛൻ വിജയന് മദ്രാസിലേതോ തുണിക്കടയിൽ കണക്കെടുപ്പാണ് ജോലി.തുച്ഛമായ വരുമാനമാണ്.എന്നാലും ഒരു കുടുംബം കഴിയാൻ ആവശ്യമായ തുക കിട്ടുമായിരുന്നു.2 മാസം കൂടുമ്പോൾ നാട്ടിലെത്തും.ഭാര്യ രോഹിണിക്ക് എന്തെങ്കിലും വസ്ത്രവും സേതുവിന് അവൾ പറഞ്ഞുവിടുന്ന കളിപ്പാട്ടങ്ങളുമായിരിക്കും കൊണ്ടുവരുന്നത്.സുഹ്രത്തായ വിശ്വനാഥൻറ്റെ വീട്ടിലും ഏന്തേങ്കിലും സാധനവുമായി ചെല്ലും.വിശ്വനാഥൻെറ മകൾ വേണിയും തൻെറ മകൾ സേതുവും ഒരേ പ്രായമാണ്. ഒരുമിച്ച് ഒരേ ക്ലാസ്സിൽ പഠിക്കുന്നവർ. അന്ന് വിശ്വനാഥന് പറയത്തക്ക ജോലിയൊന്നുമില്ല. കുടുംബത്തിൽ പ്രാരബ്ധമായിരുന്നു. വിജയൻ തൻെറ ശമ്പളത്തിൽ നിന്ന് ഒരു ചെറിയ തുക വിശ്വനാഥൻ കൊടുത്തു സഹായിച്ചു പോന്നു. എന്നാൽ കണ്ണടച്ചു തുറക്കും മുമ്പായിരുന്നു വിശ്വനാഥൻെറ വളർച്ച. ഏതോ കമ്പനിയിലൂടെയാണ്. ഒരു ചെറിയ പുരയിടം നിന്നടത്ത് ഇന്ന് ഒരു മണിമാളികയാണ്. പണത്തിനൊപ്പം പത്രാസും വളർന്നു വന്നു. അപ്പൊഴും വിജയനും കുടുംബവും കിട്ടുന്ന ശമ്പളത്തിനനുസരിച്ച് സന്തോഷമായി ജീവിച്ചുപോന്നു.അതിനിടയിലാണ് സേതു തന്റെ ഒരാഗ്രഹം പറഞ്ഞത്.നൃത്തം പഠിക്കണം.അതും പൊൻചിലങ്കയണിഞ്ഞ് .തന്റ മകൾ ആദ്യമായി പറഞ്ഞ ഒരാഗ്രഹം സാധിച്ചുകൊടുക്കണമെന്ന് വിജയനും തീരുമാനിച്ചു. സേതുവും

വേണിയും കലാലയത്തിൽ ഒരുമിച്ച് നൃത്തം പഠിച്ചവരാണ്.പ്രാരാബ്ദം മൂലം സേതു നൃത്തപഠനം നിർത്തി.എന്നാൽ വിശ്വനാഥന് നല്ല കാലം വന്നതോടെ വേണി കലാലയത്തിലെ പഠനം നിർത്തി.

നഗരത്തിൽ നിന്ന് ഒരു നൃത്ത അധ്യാപകനെ പ്രത്യേകമായി ശമ്പളം കൊടുത്ത് നിർത്തിയിരിക്കുകയാണ് വീട്ടിൽ.ഞായറാഴ്ചയും ശനിയാഴ്ചയുമാണ് നൃത്തപഠനം. പാൽകൊടുക്കാൻ വേണിയുടെ വീട്ടിൽ ചെല്ലുമ്പോൾ പൊൻചിലങ്കയണിഞ്ഞ് വേണി നൃത്തം ചെയ്യുന്നത് സേതു നോക്കിനിൽക്കും.പൊൻചിലങ്കയണിഞ്ഞ് നൃത്തം ചെയ്യണമെന്ന് അവൾക്ക് വല്ലാത്ത ആഗ്രഹമാണ്.എന്നാൽ വേണിയുടെ നൃത്തം സേതു കാണുന്നത് വിശ്വനാഥനും ഭാര്യയ്ക്കും ഇഷ്ടമല്ല.അവർ പാൽപ്പാത്രം ധൃതിയിൽ വാങ്ങി സേതുവിനെ പറഞ്ഞുവിടും.പണ്ട് അച്ഛൻ എത്രയധികം സഹായം ചെയ്തുകൊടുത്തിട്ടുള്ള കുടുംബമാണ് ഇന്ന് പണവും പത്രാസുമൊക്കെ ആയപ്പോൾ തന്നെ കാണുന്നത് പോലും അവർക്ക് ഇഷ്ടമല്ലാതായിരിക്കുന്നു സേതു ഓർക്കും.എന്നാൽ വേണിക്ക് സേതുവിനെ ഇപ്പോഴും ഇഷ്ടമാണ്.സേതുവിനെ കാണുമ്പോൾ അവൾ ഓടിച്ചെല്ലും വർത്തമാനം പറയും.അവളുടെ സംസാരത്തിൽ നിറഞ്ഞുനിന്നതും മുഴുവൻ നൃത്തംചെയ്യുമ്പോൾ അവൾ അണിയുന്ന പൊൻചിലങ്കയെ പറ്റിയായിരുന്നു.അറിഞ്ഞോ അറിയാതെയോ സേതുവിന്റെ മനസ്സിൽ പൊൻചിലങ്കയണിഞ്ഞ് നൃത്തം ചെയ്യണമെന്ന് വല്ലാതെ മോഹമുദിച്ചു.ഇത്തവണ അച്ഛൻ വന്നപ്പോൾ അവൾ അത് പറയുകയും ചെയ്തു. "തനിക്കും കലാലയത്തിൽ മറ്റുകുട്ടികളോടൊപ്പം പൊൻചിലങ്കയണിഞ്ഞ് നൃത്തം ചെയ്യണം."അച്ഛൻ വാങ്ങിക്കൊണ്ടുവരാമെന്ന് ഏറ്റു. സേതുവിന് വളരെയധികം സന്തോഷമായി.അവൾ ആവേശത്തോടെ ഓരോ ജോലിയും തീർത്തു. കലണ്ടറിൽ ഓരോ ദിവസവും അവൾ എണ്ണിയെണ്ണിയിരുന്നു. സന്തോഷം സഹിക്കവയ്യാതെ അവൾ വേണിയോടും കാര്യം പറഞ്ഞു.അതറിഞ്ഞപ്പോൾ തൊട്ട് വേണിക്ക് സേതുവിന്റെ പുതിയ ചിലങ്ക... അല്ല പൊൻചിലങ്ക കാണാൻ തിടുക്കമായി. അന്ന് രാവിലെ വെയിൽ നാളങ്ങൾ വന്ന് തട്ടിവിളിച്ചപ്പോഴാണ് സേതു ഉണർന്നത്.അവൾ ആടിയുലഞ്ഞ തലമുടി പിന്നിയിട്ടു പ്രഭാതകൃത്യങ്ങൾക്കു ശേഷം ഒരു ഗ്ലാസ് ചായയും കുടിച്ച് അവൾ പാൽപാത്രവുമായി വേണിയുടെ വീട്ടിലേക്ക് പുറപ്പെട്ടു.അവിടെ അന്നും പതിവുപോലെ നൃത്തപാഠനം നടക്കുകയായിരുന്നു.വേണിയുടെ നൃത്തം സേതു

നോക്കിനിന്നു.ഒരാഴ്ചക്ക് ശേഷം തനിക്കും പൊൻചിലങ്കയണിഞ്ഞ് നൃത്തം ചെയ്യാമെന്നോർത്തപ്പോൾ അവളുടെ മനസ്സിൽ പ്രതീക്ഷയുടെ പൂക്കൾ മൊട്ടിട്ടു.അവൾ വീട്ടിലേക്കോടി മുറ്റത്ത് പൂച്ചെടിയിൽ പറന്നുവന്നിരുന്ന തുമ്പിയോട് കുശലം പറയാൻ തുടങ്ങി."കുറച്ച് ദിവസങ്ങൾക്ക് ശേഷം എന്റെ അച്ഛൻ വരും. വരുമ്പോൾ എന്തൊക്കെയോ കൊണ്ടു വരുകയെന്നറിയാമോ? പുതിയ ഉടുപ്പും കീ കൊടുക്കുമ്പോൾ ഓടുന്ന വണ്ടിയും കണ്ണുചിമ്മി ഉറക്കുന്ന പാവയും പിന്നെ നൃത്തം ചെയ്യുമ്പോൾ തനിക്ക് അണിയാൻ ഒരു പൊൻചിലങ്കയും കൊണ്ടുവരും.നിനക്ക് എന്തെങ്കിലും വേണോ? അടുത്ത തവണ അച്ഛൻ വരുമ്പോൾ ഞാൻ പറഞ്ഞുവിടാം കേട്ടോ". പെട്ടെന്ന് ഒരു സ്വരം."വിജയന്റെ വീടല്ലേ? കമ്പിശിപായിയാണ്.അച്ഛന്റെ എഴുത്തുമായി വന്നതായിരിക്കണം.അമ്മ കമ്പി ശിപായിയുടെ കൈയ്യിൽ നിന്ന് എഴുത്ത് വാങ്ങി വായിച്ചു. അടുത്ത നിമിഷം പൊട്ടിക്കരഞ്ഞു. അച്ഛൻ ഏതോ അപകടത്തിൽമരണപ്പെട്ടിരിക്കുന്നു.സേതുവിന്റെ മനസ്സിൽ നിന്ന് പൊൻചിലങ്കകൾ അഴിഞ്ഞു വീണു,മനസ്സിൽ ഒരു മുറിപ്പാടുണ്ടായ പോലെ. അവളുടെ കണ്ണിൽനിന്ന് ഇറ്റുവീണ ഒരു കണ്ണുനീർത്തുള്ളി മാത്രം ബാക്കിയായി.



-ലക്ഷമി രാധാകൃഷ്ണൻ



# ആൽഫ്രഡ് നോബൽ



സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്‌ഹോമിൽ **1833** ഒക്ടോബർ **21**-ന് ആൽഫ്രഡ് നോബൽ ജനിച്ചു. സെന്റ് പീറ്റേഴ്സ്ബർഗ്ഗിലാണ് ആൽഫ്രഡ് നോബലിന്റെ വിദ്യാഭ്യാസം നടന്നത്. സ്വകാര്യധ്യാപകരിൽ നിന്നു വീട്ടിലിരുന്ന് പഠിച്ച നോബൽ ശാസ്ത്രത്തിലും ഭാഷയിലും മിടിക്കനായി.17-ാം വയസ്സിൽ നോബലിനെ കെമിക്കൽ എൻജിനിയറിങ് പഠിക്കാൻ വിദേശത്തേക്കയച്ചു. അമേരിക്ക, സ്വീഡൻ,ജർമ്മനി,ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ സഞ്ചരിച്ച നോബൽ പാരീസിൽന്ന് രസതന്ത്രത്തിൽ കൂടുതൽ വിജ്ഞാനം നേടി.



# ഹെൻറികാവൻഡിഷ്

ഫ്രാൻസിലെ നീസിൽ 1731 ഒക്ടോബർ 10 -നാണ് ഹെൻറികാവൻഡിഷ് ജനിച്ചത്. അച്ഛൻ ചാൾസ് കാവൻഡിഷ് പ്രഭുവും,ശാസ്ത്രാന്വേഷണകുതുകിയുമായിരുന്നു. സ്കൂളിൽപോവാതെ വീട്ടിലിരുന്നായിരുന്നു ഹെൻറിയുടെ പ്രാഥമിക വിദ്യാഭ്യാസം. കത്തുന്നവാതകമായ ഹൈഡ്രജനും പ്രാണവായുവായ ഓക്സിജനും ചേർന്നാണ് ജലം ഉണ്ടാകുന്നതെന്ന് ലോകത്തെ ബോദ്ധ്യപെടുത്തിയത് ഹെൻറികാവൻഡിഷാണ്. അദ്ദേഹത്തിന്റെ വിലപ്പെട്ട കണ്ടുപിടുത്തങ്ങൾ പലതും പുറം ലോകമറിഞ്ഞത് വർഷങ്ങൾ കഴിഞ്ഞാണ്. കാവൻഡിഷിന്റ കണ്ടുപിടുത്തങ്ങൾ പതിറ്റാണ്ടുകൾക്ക് ശേഷം മറ്റുശാസ്ത്രജ്ഞർ വീണ്ടും കണ്ടത്തി.ഭീമമായ സമ്പാദ്യവും വെളിച്ചം കാണാത്ത ഒട്ടേറെ ഗവേഷണഫലങ്ങളും ബാക്കിയാക്കി 1810-ൽ ഹെൻറികാവൻഡിഷ് അന്തരിച്ചു.

# സ്കൂളിലെ ചിത്ര രചനകൾ



-സീതാ ലക്ഷ്മി



# സംസ്ഥാന കലോൽസവ ജേതാക്കൾ













തിരുവാതിര ടീം

# സ്കൂളിലെ മനോഹര നിമിഷങ്ങൾ

























# ഗണിതം മധുരം




# എൻ.സി.സി








# ലിറ്റിൽ കൈറ്റസ്









# എസ്.പി.സി



# കൃതജ്ഞത

തർജ്ജനിയുടെ പിറവിക്കായി സഹായിച്ച
അതിന്റ  പിന്നിൽ പ്രവർത്തിച്ച എല്ലാ
സാഹിത്യസൃഷ്ടാക്കൾക്കും സ്കൂൾ ലിറ്റിൽ
കൈറ്റ്സ് അംഗങ്ങൾക്കും മാഗസിന്റെ
സൃഷ്ടിക്കായി  ഒപ്പം നിന്ന് നേതൃത്വം
നൽകിയ **ദീപ** ടീച്ചറിനും **അമ്പിളി** ടീച്ചറിനും
ഒരായിരം നന്ദി..................





# തർജ്ജനി

## ലിറ്റിൽ കൈറ്റ്സ്

